# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2530** **08/5/2017** -ലെ മറുപടി

# തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ളപദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊല്ലം തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) കൊല്ലം തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി തൃക്കോവിൽവട്ടം-നെടുമ്പന കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1000 ലക്ഷം രൂപയ്ക്ക് 2012-ൽ ഭരണാനുമതി നൽകി. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെൽ-കം-പമ്പ് ഹൗസ്, 5.5 mld ശേഷിയുള്ള ശുദ്ധീകരണശാല, 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലജലസംഭരണി, 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി, കിണറ്റിൽ നിന്നും ശുദ്ധീകരണശാലയിലേയ്ക്കുള്ള 300 mm DI pipe സ്ഥാപിക്കുന്ന പ്രവൃത്തി, ശുദ്ധീകരണശാലയിൽ നിന്നും കണ്ണനല്ലൂരിലെ പുതിയതായി നിർമ്മിച്ച 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിലേക്കും, മുഖത്തല പേരയം എന്നിവിടങ്ങളിൽ നിലവിലുള്ള ഉപരിതല സംഭരണികളിലേയ്ക്കും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കിണറിൽ സ്ഥാപിക്കുവാനുള്ള 90 HP VT പമ്പ് സെറ്റും, ശുദ്ധീകരണശാലയിൽ സ്ഥാപിക്കാനുള്ള 5 HP, 10 HP, 15 HP & 25 HP ശേഷിയുള്ള പമ്പ് സെറ്റുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് യഥാക്രമം 03/8/2016-ൽ 6 മാസത്തെ കാലാവധിയോടുകൂടിയും 22/2/2017-ൽ മൂന്ന മാസത്തെ കാലാവധിയോടുകൂടിയും കരാർ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരൻ സമയ ബന്ധിതമായി പമ്പ് |

| | | | |
|---|---|---|---|
| | | | സെറ്റുകൾ സപ്ലൈ ചെയ്യാത്തതു കാരണം ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. പണികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകുകയും വീ ഉണ്ടാകുന്ന പക്ഷം കരാറുകാരന്റെ ബാധ്യതയിൽ പണികൾ ചെയ്യുമെന്ന് അറിയിച്ചിരിക്കുകയുമാണ്.<br>ശേഷിക്കുന്ന പ്രവൃത്തികളായ ശുദ്ധീകരണശാലയിൽ നിന്നും കരീപ്പള്ളിയിൽ നിലവിലുള്ള ഉപരിതല ടാങ്കിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും കരീപ്പള്ളിയിൽ നിർമ്മിക്കുവാനുള്ള 2 LL ശേഷിയുള്ള ഉപരിതല ടാങ്കിന്റേയും പ്രവൃത്തികൾ ഉൾപ്പെടുത്തി 1162.50 ലക്ഷം രൂപയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) | 90 കുതിരശക്തിയുള്ള പമ്പ്സെറ്റ് സ്ഥാപിക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്; | (ബി) | റോ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിക്കേണ്ടുന്ന 90 HP പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട പ്രവൃത്തിക്കുള്ള കരാർ 02/2/2017-നുള്ളിൽ പൂർത്തീകരിക്കുമെന്ന വ്യവസ്ഥയിൽ 3/8/2016-ൽ ഒപ്പ് വച്ചിരുന്നുവെങ്കിലും നാളിതുവരെ കരാറുകാരൻ പമ്പ്സെറ്റ് സപ്ലൈ ചെയ്ത് പണികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുകയും അല്ലാത്തപക്ഷം കരാറുകാരന്റെ ബാധ്യതയിൽ പണികൾ നടത്തുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി കരാറുകാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

JSK/